# SREE PADMANABHA SWAMY TEMPLE

MATHILAKAM OFFICE, WEST NADA, FORT
THIRUVANANTHAPURAM – 695023
Phone: 0471 2450233, 2575550 Fax: 0471 2450233
Website: www.sreepadmanabhaswamytemple.org
E-mail: info@sreepadmanabhaswamytemple.org


No.B.23MLM-5/ Silver/Qut/2019/2020/SPST 30.11.2019

## ക്വട്ടേഷൻനോട്ടീസ്

### വിഷയം - മുറജപം -ലക്ഷദീപം 2019-2020

ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിൽ 2019-2020 മുറജപം -ലക്ഷദീപം പ്രമാണിച്ച് മുറശ്രീബലികളും, കളഭാഭിഷേകങ്ങളും, സ്വർഗ്ഗവാതിൽ ഏകാദശി ശ്രീബലിയും പെരുന്തമൃതു പൂജയും വഴിപാടായി നടത്തുന്ന ഭക്തൻമാർക്ക് പ്രസാദം കൊടുക്കുന്നതിലേയ്ക്ക് 40 ഗ്രാമിന്റെ വെള്ളിയിലുള്ള 09 ചെറിയ വെള്ളിതട്ടങ്ങളും, 40 ഗ്രാമിന്റെ 41 ചെറിയ വെള്ളികുടങ്ങളും തയ്യാർ ചെയ്ത് 2019 ഡിസംബർ മാസം 05-ാം തീയതി വൈകുന്നേരം 5 മണിയ്ക്കകം ലഭ്യമാക്കുന്നതിനുള്ള തുക കാണിച്ചുകൊണ്ടുള്ള ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു. ക്വട്ടേഷനുകൾ 04.12.2019 രാവിലെ 11.30 മണിയ്ക്കകം മതിലകം ആഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്

11.30 മണിയ്ക്ക് ക്വട്ടേഷനുകൾ തുറന്നു പരിശോധിക്കുന്നതാണ്. പ്രസ്തുത സാധനങ്ങൾ അപ്രൈസറെക്കൊണ്ട് പരിശോധിക്കുന്നതും, പ്യൂരിറ്റി നോക്കുന്നതുമാണ്.

വിശദവിവരങ്ങൾ ടെമ്പിൾ വെബ്സൈററിലും, മതിലകം ഓഫീസിലും ലഭിക്കുന്നതായിരിക്കും. നാല്നടകളിലും,
വെബ്സൈററ് : www.sreepadmanabhaswamytemple.org
Phone: 0471 2450233

### നിബന്ധനകൾ

1. ക്വട്ടേഷൻ സമർപ്പിക്കുന്നവർ ഹിന്ദു മതസ്ഥരായിരിക്കണം.
2. ക്ഷേത്ര സുരക്ഷയ്ക്ക് വിരുദ്ധമായ യാതൊരു പ്രവൃത്തിയും ക്വട്ടേഷൻ ലഭിക്കുന്നവരുടെ ഭാഗത്തു നിന്ന് ഉണ്ടാവാൻ പാടില്ല.
3. ക്ഷേത്രത്തിൽ നിന്ന് നൽകുന്ന നിർദ്ദിഷ്ട ക്വട്ടേഷൻ ഫോമിൽ മാത്രമേ ക്വട്ടേഷനുകൾ സമർപ്പിക്കാൻ പാടുള്ളൂ. അല്ലാത്തവ സ്വീകരിക്കുന്നതല്ല.
4. ക്വട്ടേഷൻ ഫോമിനോടൊപ്പം വോട്ടർ ഐ.ഡി, ആധാർ കാർഡ് മുതലായവയിൽ ഏതെങ്കിലും ഒന്ന് തിരിച്ചറിയൽ രേഖയായി സമർപ്പിക്കേണ്ടതാണ്.
5. ക്വട്ടേഷൻ ഉറപ്പിക്കുന്നതിനും, നിരാകരിക്കുന്നതിനും എക്സിക്യൂട്ടീവ് ഓഫീസർക്ക് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്. അത് ആർക്കും ചോദ്യം ചെയ്യാൻ പാടുള്ളതല്ല.

6. തരുന്ന സാധനങ്ങളുടെ കൃത്യത പാലിക്കേണ്ടതുമാണ് ഇൻ ചാർജ് നൽകുന്ന സ്റ്റേറ്റ്മെന്റിന് വിധേയമായി മാത്രമേ ബിൽ പാസ്സാക്കി നൽകുകയുള്ളൂ.

7. സമർപ്പിക്കുന്ന ക്വട്ടേഷനോടൊപ്പം 1,000/-രൂപ നിരതദ്രവ്യം ക്ഷേത്രത്തിലേയ്ക്ക് ഒടുക്കിയത് കൂടി സമർപ്പിക്കണം.

8. ക്വട്ടേഷൻ നൽകുന്നവർ ഇത്തരം സാധനങ്ങൾ സപ്ലൈചെയ്യുന്നതിൽ പരിചയ സമ്പന്നരാണെന്നും പ്രാവീണ്യം ഉള്ളവരാണെന്നും തെളിയിക്കുന്ന രേഖകളും ഹാജരാകേണ്ടതാണ്.

9. ഓഫീസിൽ നിന്നും ലഭിക്കുന്ന രണ്ടുതരം ടെണ്ടർ ഫോറങ്ങളിലായിട്ടാണ് ക്വട്ടേഷൻ സമർപ്പിക്കേത്.

(1) ടെർ ഫോറം -1

ടെക്നിക്കൽ ബിഡ്- സീൽ ചെയ്ത കവറിൽ സമർപ്പിക്കണം. ഇതോടൊപ്പം ഇത്തരം സംരഭങ്ങൾ ക്ഷേത്രങ്ങളിൽ ചെയ്യുന്നതായ് മുൻപരിചയം ഉള്ളതായി രേഖ സമർപ്പിക്കേണ്ടതാണ്.

(2) ടെർ ഫോറം -2

കമേർഷ്യൽ ബിഡ്- മറ്റൊരു സീൽ ചെയ്ത കവറിൽ സമർപ്പിക്കണം. ഓരോ സാധനത്തിന്റെയും നിരക്ക് രേഖപ്പെടുത്തണം.

10. ടി സാധനങ്ങൾ തരുന്നതിൽ വീഴ്ച വരുത്തുകയോ, കാലതാമസം വരുത്തുകയോ ചെയ്താൽ അതിനുള്ള മൊത്തം നഷ്ടം കരാറുകാരനിൽ നിന്നും ഈടാക്കുന്നതും, പകരം സംവിധാനം ക്ഷേത്രം ഏർപ്പെടുത്തുന്നതുമാണ്.

11. മേൽ നിബന്ധനകൾ അംഗീകരിച്ച് ഒപ്പിട്ട് സമർപ്പിക്കുന്നു. സീൽ ചെയ്ത് രണ്ടുകവറുകളും മറ്റൊരു കവറിലിട്ട് ആ കവർ സീൽ ചെയ്ത് ടെണ്ടർ/ക്വട്ടേഷൻ സീൽ ചെയ്ത് കവറിൻ മേൽ ടെണ്ടർ/ക്വട്ടേഷൻ നോട്ടീസ് നമ്പർ,ഏത് ആവശ്യത്തിനുള്ള ടെണ്ടർ/ക്വട്ടേഷൻ, ടെണ്ടർ/ക്വട്ടേഷൻ സമർപ്പിക്കുന്ന ആളിന്റെ പേരും, മേൽവിലാസവും എന്നിവ എഴുതി സമർപ്പിക്കേണ്ടതാണ്.

സ്ഥലം

തീയതി

| |
|---|
| എക്സിക്യുട്ടീവ് ആഫീസറുടെ ഒപ്പ് |
| ക്ഷേത്രം സീൽ SREE PADMANABHA SWAMY TEMPLE FORT, THIRUVANANTHAPURAM |